THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

AIM HIGH, TOGETHER WE FLY

യുദ്ധത്തിന്റെ പരിണാമം

| | |
|---|---|
| 1 | a. ഇഷ്ടം<br>b. ആനയും കുതിരയും<br>c. ദേഷ്യം കൊണ്ടുള്ള കണ്ണുനീർ<br>d. മഹത്വം<br>e. ഗുരുവിനെ കൊന്നവൻ<br>f. ദ്രോണ പുത്രൻ |
| 2 | a.തേര്<br>b. ശസ്ത്രം<br>c. ഗജം<br>d. വാസവൻ<br>e. പത്നി<br>f. യാഗം |
| 3 | a. ഭൃതി,വിഭൃതി<br>b. ജീവൻ,അസു<br>c. കേശം, വേണി<br>d. കുതിര,വാജി<br>e. രക്തം രുധിരം |
| 4 | എതിരാളിയുടെ കുറവുകൊണ്ടല്ല സ്വന്തം മികവുകൊണ്ട് യുദ്ധം ജയിക്കണം. കൗരവപക്ഷവും പാണ്ഡവ പക്ഷവും കൂട്ടായി തയ്യാറാക്കിയ യുദ്ധ കരാറിന്റെ അടിസ്ഥാനത്തിലാണ് യുദ്ധം ആരംഭിച്ചത്. യുദ്ധത്തിൽ ഈ നിയമങ്ങൾ ഒന്നൊന്നായി ലംഘിക്കപ്പെട്ടു. ഭീഷ്മർ ,ദ്രോണർ,കർണൻ,ദുര്യോധനൻ തുടങ്ങിയ പല പ്രമുഖരെയും പാണ്ഡവർ വീഴ്ത്തിയത് ധർമ്മയുദ്ധമുറകൾ തെറ്റിച്ചാണ്. പരാജയപ്പെട്ടു പോയേക്കാവുന്ന യുദ്ധമാണ് പാണ്ഡവർ ഇങ്ങനെ ജയിച്ചത് |
| 5 | ഉപകാരസ്മരണ സഹോദര സ്നേഹം സ്വപ്രയത്ന സ്ഥൈര്യം മാതൃപിതൃ ഭക്തി ആത്മാഭിമാനം ആർക്കും കീഴടങ്ങാത്ത പൗരുഷം എന്നീ നന്മകൾ ഉള്ളതുകൊണ്ടും സമന്തപഞ്ചകം എന്ന പുണ്യസ്ഥലത്ത് വെച്ച് മരണപ്പെട്ടതുകൊണ്ടും |
| 6 | തന്നെ ആയുധം കൊണ്ട് വധിച്ചേക്കൂ എന്ന് അശ്വത്ഥാമാവിനോട് അപേക്ഷിക്കുന്ന ദൃഷ്ടദ്യുമ്നനോട് അശ്വത്ഥാമാവ് പറയുന്നതാണ് ഈ വാക്കുകൾ. ദുർമരണം അടയുന്നവർക്ക് സ്വർലോകം ലഭിക്കില്ല എന്നാണ് വിശ്വാസം. അശ്വത്ഥാമാവ് മരിച്ചു എന്ന യുധിഷ്ഠിരന്റെ വാക്കുകൾ കേട്ട് മകൻ മരിച്ചു എന്നു കരുതി ദ്രോണർ ആയുധം |

| | |
|---|---|
| | താഴെയിട്ടു. ഈ തക്കം നോക്കി ധൃഷ്ടദ്യുമ്നൻ അദ്ദേഹത്തിന്റെ ശിരസ് അറുത്തു.സ്വന്തം ഗുരുവിനെ കൊന്ന ധൃഷ്ടദ്യുമ്നൻ സ്വർഗ്ഗം അർഹിക്കുന്നില്ല എന്നാണ് അശ്വത്ഥാത്മാവിന്റെ വാക്കുകളുടെ പൊരുൾ. |
| 7 | യുദ്ധം വരുത്തി വയ്ക്കുന്ന കൂടിയ ദുരന്തത്തെയാണ് വ്യാസൻ മഹാഭാരതത്തിൽ കൂടി പറഞ്ഞിരിക്കുന്നത് യുദ്ധം രൂപപ്പെടുന്നത് മനുഷ്യമനസ്സുകളിൽ ആണ് മനുഷ്യന്റെ മനസ്സിലെ പകയാണ് യുദ്ധമായി മാറുന്നത് ഓരോ യുദ്ധവും അവസാനിക്കുന്നത് അടുത്ത യുദ്ധത്തിന് വഴിമരുന്നിട്ടുകൊണ്ടാണ്. വ്യാസന്റെ ഈ ദർശനത്തിന് ഇന്നും എന്നും പ്രസക്തിയുണ്ട് |
| 8 | ഭീഷ്മർ ദ്രോണർ കർണ്ണൻ ദുര്യോധനൻ തുടങ്ങിയവർ അണിനിരന്ന കൗരവപക്ഷത്തെ തോൽപ്പിക്കുക എന്നത് എളുപ്പമായിരുന്നില്ല ധർമ്മം വെടിഞ്ഞ് പാണ്ഡവർ നേടിയ യുദ്ധവിജയത്തെ സമുദ്രം താണ്ടിയതിനോട് ഉപമിച്ചിരിക്കുന്നു. ഭീഷ്മർ ദ്രോണർ കർണ്ണൻ തുടങ്ങിയ മഹാരഥന്മാരെ ചതിച്ചുവീഴ്ത്തി പാണ്ഡവർ നേടിയ ജയം അശ്വത്ഥാത്മാവിന്റെ പ്രവർത്തിയിലൂടെ പരാജയമായി മാറിയതിനെ കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി എന്ന് പറഞ്ഞിരിക്കുന്നു ഇവിടെ കൈത്തോട് എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് അശ്വത്ഥാമാവിനെയാണ്. |